# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *296** 08.11.2019 -ലെ മറുപടിയ്ക്ക്

## ബി-ടെക് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം

*ചോദ്യം*
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. ഷാഫി പറമ്പിൽ**

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി-ടെക് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് മാർക്ക് ദാനം ചെയ്ത് അവരെ വിജയിപ്പിച്ച സംഭവം സംബന്ധിച്ച് ചാൻസലർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറ്റപ്പെടുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യവും, നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന സാഹചര്യവും, 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തിരുന്നു. ഇത് സംബന്ധിച്ച് ബഹു. ചാൻസലർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) | എങ്കിൽ ചാൻസലർക്ക് സർവ്വകലാശാല എന്ത് മറുപടിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം മുൻകാലങ്ങളിൽ നടത്തിയിട്ടുള്ളതുപോലെ സർവ്വകലാശാല വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, കോളേജ് മാനേജർമാർ, പ്രിൻസിപ്പൽമാർ എന്നിവർക്ക് വേണ്ടിയും സർവ്വകലാശാലയിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപിക്കുവാൻ |

| | | | |
|---|---|---|---|
| | | | 22.02.2019-ൽ അദാലത്ത് നടത്തിയിട്ടുണ്ട് ഇതിനായി സിൻഡിക്കേറ്റിന്റെ അധികാരത്തോടുകൂടിയ അദാലത്ത് നിർവ്വാഹക സമിതി, 21.02.2019-ലും അദാലത്ത് ദിവസമായ 22.02.2019-ലും വിവിധ ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട് 21.02.2019-ൽ കൂടിയ ടി സമിതിയുടെ ഒരു യോഗം ഒരു ബി.ടെക് വിദ്യാർത്ഥിനിയ്ക്ക് ഒരു മാർക്ക് മോഡറേഷനായി നൽകുവാൻ ശിപാർശ ചെയ്യുകയും, ആയത് വൈസ് ചാൻസിലർ 21.02.2019-ൽ തന്നെ അംഗീകരിക്കുകയും, ഈ വിവരം 22.02.2019-ലെ അദാലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. തുടർന്ന് ഈ വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.<br>ഇതിനിടെ ഒരു മാർക്ക് മുതൽ 5 മാർക്ക് വരെ മോഡറേഷൻ നൽകുന്നത് മൂലം 180-ഓളം വിദ്യാർത്ഥികൾക്ക് പ്രയോജനകരമാണെന്ന് കണ്ടും, ബി.ടെക്. കോഴ്സ് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്ത പ്രത്യേക സാഹചര്യത്തിലും, മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാലും, കാലിക്കറ്റ് സർവ്വകലാശാല സമാനരീതിയിൽ മോഡറേഷൻ നൽകിയതും പരിഗണിച്ച് 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ബി.ടെക് കോഴ്സിന് പരമാവധി 5 മാർക്ക് വരെ മോഡറേഷൻ നൽകുവാൻ തീരുമാനിച്ചു.<br>മേൽ തീരുമാനങ്ങളിലൊന്നും ഉന്നത വിദ്യാഭ്യാസ മന്ത്രിയോ, മന്ത്രിയുടെ ഓഫീസിന്റെയോ ഇടപെടൽ ഉണ്ടായിട്ടില്ല. സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പും, അംഗീകരിക്കലും, ഫലം പ്രസിദ്ധീകരിക്കലും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ വ്യവസ്ഥകൾ പ്രകാരം സിൻഡിക്കേറ്റിന്റെ അധികാര പരിധിയിൽ വരുന്നതിനാലും, വിദ്യാർത്ഥികളുടെ ഭാവിയെ മാത്രം മുൻനിർത്തി സർവ്വകലാശാല സദുദ്ദേശപരമായ തീരുമാനം കൈക്കൊള്ളുകയും ആയിരുന്നു എന്ന് ബഹുമാനപ്പെട്ട ചാൻസലർക്ക് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയതായി സർവ്വകലാശാല അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (സി) | ഉന്നതങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് സിൻഡിക്കേറ്റ് ഇത്തരം ഒരു തീരുമാനം എടുത്തത് എന്ന ആക്ഷേപം | (സി) | മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്. 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരമാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനാണ് അധികാരം. ബി.ടെക് കോഴ്സ് എ.പി.ജെ. അബ്ദുൾ കലാം ടെക് |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | | നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റപ്പെട്ടതിന്റെ ശേഷം തുടർ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് സർവ്വകലാശാലയ്ക്കുള്ള പരിമിതി കണക്കിലെടുത്തും കാലിക്കറ്റ് സർവ്വകലാശാല 2012 ജൂൺ 12 ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി.ടെക് വിദ്യാർത്ഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത തീരുമാനം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2012 ലെ ഉത്തരവിലൂടെ 2010 മുതലുള്ള ബി.ടെക് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകാനെടുത്ത തീരുമാനം എന്നിവയെല്ലാം പരിഗണിച്ചാണ് 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തത്. ഉത്തമ വിശ്വാസത്തോടുകൂടിയാണ് സിൻഡിക്കേറ്റ് ഇത്തരത്തിൽ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ.